**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 89** **16-09-2025 - ൽ മറുപടിയ്ക്ക്**

**വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു വിഭാഗം ആളുകളുടെ അറിവോ സമ്മതമോ ഇല്ലാതെ വ്യാപകമായി തിരിച്ചറിയൽ രേഖകൾ ഉപയോഗപ്പെടുത്തി വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുകൾ എടുക്കുകയും അത് ഉപയോഗിച്ച് കോടികളുടെ ഇടപാടുകൾ നടത്തിയതുമായി ബന്ധപ്പെട്ട് പോലീസിന് ലഭിച്ച പരാതികളുടെ കണക്ക് ലഭ്യമാക്കുമോ; | (എ) | ഏഴ് പരാതികൾ പോലീസിന് ലഭിക്കുകയുണ്ടായി. അവയിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) | ഈ പരാതികളിന്മേൽ പോലീസ് എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | ഏഴ് പരാതികൾ പോലീസിന് ലഭിക്കുകയുണ്ടായി. അവയിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (സി) | സംസ്ഥാനത്തിന് വൻതോതിൽ നികുതി നഷ്ടം ഉണ്ടാകുന്ന സംഭവമായിട്ടും വ്യാപക കള്ളപണ ഇടപാടുകൾ ഇതിന്റെ മറവിൽ ഉണ്ടായിട്ടും പോലീസ് നടപടി സ്വീകരിക്കാത്തതിന് പ്രത്യേക കാരണങ്ങൾ ഉണ്ടോയെന്ന് വിശദമാക്കുമോ; | (സി) | മികച്ച ക്രമസമാധാന പരിപാലന ശേഷി, കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കേസന്വേഷണം നടത്താനുള്ള പ്രാപ്തിയും ആർജ്ജവവും കേരള പോലീസിന്റെ പ്രത്യേകതയാണ്. കുറ്റവാളി എത്ര ഉന്നതരായാലും അവർക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കുന്നതിനും പോലീസ് രാജ്യത്ത് മുൻപന്തിയിലാണ്. ആവശ്യമായ സന്ദർഭങ്ങളിൽ ക്രൈം ബ്രാഞ്ചിലും സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിലും ജില്ലാ ക്രൈംബ്രാഞ്ചിലും പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയുള്ള അന്വേഷണവും പോലീസ് മേധാവി ഏർപ്പെടുത്തി വരുന്നു. |
| (ഡി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളുടെ തിരിച്ചറിയൽ രേഖകൾ ദുരുപയോഗം ചെയ്ത് കോടികളുടെ കള്ളപണ ഇടപാടുകൾ നടത്തുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് പ്രത്യേക ടീമിനെ | (ഡി) | മികച്ച ക്രമസമാധാന പരിപാലന ശേഷി, കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കേസന്വേഷണം നടത്താനുള്ള പ്രാപ്തിയും ആർജ്ജവവും കേരള പോലീസിന്റെ പ്രത്യേകതയാണ്. കുറ്റവാളി എത്ര ഉന്നതരായാലും |

| | | | |
|---|---|---|---|
| | ചുമതലപ്പെടുത്തി അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ ? | | അവർക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കുന്നതിനും പോലീസ് രാജ്യത്ത് മുൻപന്തിയിലാണ്. ആവശ്യമായ സന്ദർഭങ്ങളിൽ ക്രൈം ബ്രാഞ്ചിലും സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിലും ജില്ലാ ക്രൈംബ്രാഞ്ചിലും പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയുള്ള അന്വേഷണവും പോലീസ് മേധാവി ഏർപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ